

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വെങ്ങാന്നൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.3/1477/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 26/10/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെങ്ങാന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെങ്ങാന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്ങാന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.3/1477/2024 തീയ്യതി: 26/10/2024

തിരുവനന്തപുരം ജില്ലയിലെ വെങ്ങാന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെങ്ങാന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ്കുമാർ ആർ.	ഡെപ്യൂട്ടി ഡയറക്ടർ	07-08-2024	17-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-08-2024	17-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാ ബീവി എം, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി പ്രീത ജാസ്മിൻ ഡി.ആർ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത പി.എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രഞ്ജിത്ത് സി. ഓഡിറ്റർ
ശ്രീമതി പ്രവീണ പി.വി. ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ശ്രീകുമാർ	പ്രസിഡന്റ്	01-04-2023	31-03-2024

ശ്രീ. ആർ.റ്റി. ബിജുകുമാർ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ആർ.റ്റി. ബിജുകുമാർ	സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി സുനിത എ.	അസി. സെക്രട്ടറി	01-04-2023	31-03-2024
ശ്രീ. മഹേഷ്കുമാർ	അസി. എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീമതി സവിത	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ഡോ. ജവഹർ	ചീഫ് മെഡിക്കൽ ഓഫീസർ (CHC)	01-04-2023	31-03-2024
ഡോ. ദീപ്തി	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി ശിവാംബിക	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ഡോ. അനിൽകുമാർ	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2023	03-07-2023
ഡോ. ഉമ കെ. ശങ്കർ	മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം))	04-07-2023	08-08-2023
ഡോ. അജിത അദിയത്ത്	മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം)	09-08-2023	31-03-2024
ഡോ. സബിത എ.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	06-07-2023
ഡോ. ലക്ഷ്മി കെ.എസ്.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	07-07-2023	31-03-2024
ശ്രീ. പ്രകാശ് ക്രിസ്ത്യൻ	കൃഷി ഓഫീസർ	01-04-2023	29-11-2023
ശ്രീമതി ശ്രീജ	കൃഷി ഓഫീസർ	30-11-2023	31-03-2024
ശ്രീമതി ബീന എം.എസ്.	ഹെഡ്മിസ്ട്രസ്	01-04-2023	31-03-2024
ശ്രീ. വിജീഷ് കുമാർ	വി.ഇ.ഒ. (North)	01-04-2023	19-04-2023
ശ്രീമതി സൗമ്യ യു.കെ.	വി.ഇ.ഒ. (North)	20-04-2023	21-05-2023
ശ്രീ. ജിനീഷ് ജെ.എസ്.	വി.ഇ.ഒ. (North)	22-05-2023	18-06-2023
ശ്രീമതി അഭിന നസീർ	വി.ഇ.ഒ. (North)	19-06-2023	03-08-2023
ശ്രീമതി പ്രിയ ഡി.പി.	വി.ഇ.ഒ. (North)	04-08-2023	31-03-2024
ശ്രീ. ജിനീഷ് ജെ.എസ്.	വി.ഇ.ഒ. (West)	01-04-2023	31-03-2024
ശ്രീമതി സൗമ്യ യു. കെ.	വി.ഇ.ഒ. (East)	01-04-2023	12-04-2023
ശ്രീ. ജിനീഷ് ജെ.എസ്	വി.ഇ.ഒ. (East)	13-04-2023	31-03-2024
ശ്രീമതി ശ്രീവിദ്യാറാണി	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	04-10-2023
ശ്രീമതി ദീപ ജി.	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	05-10-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	തെറ്റായ ധനകാര്യ പത്രിക AIMS സോഫ്റ്റ്വെയർ മുഖേന ലഭ്യമാക്കി	1-1-1
3	അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള മുഴുവൻ പത്രികകളും തയ്യാറാക്കിയിട്ടില്ല	1-1-2
4	വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല	1-1-3
5	ക്യാഷ് ഫ്ലോ പത്രിക കൃത്യത പുലർത്തുന്നില്ല	1-1-4
6	വരവിനങ്ങളുടെ ഡിമാന്റ് അക്രൂവൽ അടിസ്ഥാനത്തിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല	1-1-5
7	ബാലൻസ്ഷീറ്റിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ വിവരങ്ങൾ ചേർത്തിട്ടില്ല.	1-1-6
8	ഡെപ്പോസിറ്റ് വർക്കുകൾക്കായി മുൻകൂറായി നൽകിയ മുഴുവൻ തുകകളും പ്രവർത്തി പൂർത്തീകരിച്ച് നാളിതുവരെ ക്രമീകരിച്ചില്ല	1-1-7
9	ബാധ്യതാ ഹെഡുകളിലെ നീക്കിയിരിപ്പ് തുകയും ബന്ധപ്പെട്ട ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-8
10	വസ്തു നികുതിയുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല	1-1-9
11	ബഡ്ജറ്റ്	1-2
12	സാമ്പത്തിക അവലോകനം.	1-3
13	ഗ്രാന്റ് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	ക്ഷേമ പദ്ധതികൾ	1-6
16	ക്യാഷ് ബാലൻസ്	1-7
17	ആഭ്യന്തര നിയന്ത്രണം	1-8
18	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-9
19	മറ്റ് ഓഡിറ്റുകൾ നടന്നതിന്റെ വിവരം	1-10
20	യോഗമിനിട്ട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല.	1-11
21	പന്നികൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല.	1-12
22	തൊഴിൽനികുതി ഈടാക്കുന്നില്ല	1-13
23	വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ - അപാകങ്ങൾ.	1-14
24	കശാപ്പുശാലകൾക്ക് നിയമാനുസൃത ലൈസൻസ് ഏർപ്പെടുത്തിയിട്ടില്ല.	1-15
25	ടേക്ക്-എ-ബ്രേക്ക് നിർമ്മാണം പൂർത്തീകരിച്ചെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല	1-16
26	ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ 15,000/- രൂപ നാളിതുവരെ തിരികെ ഈടാക്കിയില്ല	1-17
27	ആയുർവേദ ആശുപത്രിയിൽ വാങ്ങിയ കമ്പ്യൂട്ടറുകൾ KELTRON ഇൻസ്റ്റാൾ ചെയ്തിട്ടില്ല.	1-18
28	പാഥേയം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല – 3,67,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-19
29	മുറ്റത്തൊരു മീൻതോട്ടം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ.	1-20
30	മരുന്നുകൾ ലഭിച്ചിട്ടില്ല - 1,32,029/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-21
31	പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ മൂലം ആസ്തികൾ നിഷ്ക്രിയമായി തുടരുന്നു.	1-22
32	ഹെൽത്ത് ഗ്രാൻറ് വിനിയോഗം- ഫലപ്രദമാക്കേണ്ടതാണ്.	1-23
33	ഇൻഷ്വറൻസ് പോളിസികൾ എടുക്കാത്ത കരാരുകാരിൽ നിന്ന് ഫൈൻ ഈടാക്കേണ്ടതാണ്.	1-24

34	ബഡ്സ് സ്കൂൾ ഓണറേറിയം -വിദ്യാർഥികളുടെ എണ്ണത്തിന് ആനുപാതികമായി ജീവനക്കാരുടെ എണ്ണം പുനർനിർണയിക്കണം.	1-25
35	ലൈഫ് പദ്ധതി- കരാർ കാലാവധി കഴിഞ്ഞും ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല.	1-26
36	അക്കൗണ്ട് നമ്പറിലെ വ്യത്യാസം കാരണം പദ്ധതി പണം ഗുണഭോക്താവിലേക്ക് എത്താതെ സർക്കാരിലേയ്ക്ക് തിരികെ പോകുന്നു	1-27
37	ഹരിത കർമ്മസേന പ്രവർത്തനം	1-28
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

വെങ്ങാന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 25-05-2024 തീയതിയിലെ 4(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 25.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെങ്ങാന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1–1–1 തെറ്റായ ധനകാര്യ പത്രിക AIMS സോഫ്റ്റ്വെയർ മുഖേന ലഭ്യമാക്കി

AIMS സോഫ്റ്റ്വെയർ മുഖേന ഓഡിറ്റിന് സമർപ്പിച്ച ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ആകെ വരവ് 39,55,35,944/- രൂപയും ആകെ ചെലവ് 37,13,77,804/- രൂപയുമാണ്. എന്നാൽ ILGMS സോഫ്റ്റ്വെയർ പ്രകാരമുള്ള 2023-24 കാലയളവിലെ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ആകെ വരവ് 19,77,67,972/- രൂപയും ആകെ ചെലവ് 18,56,88,902/- രൂപയുമാണ്. വരവ് ചെലവ് കണക്കുകളിലെ വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 12 ന് ടി ദിവസത്തെ സാങ്കേതിക തകരാറ് കാരണമാണ് ഇത്തരത്തിൽ സംഭവിച്ചതെന്ന് മറുപടി നൽകി. 1994 കേരള ലോക്കൽ ഫണ്ട് ആക്ടിലെ 9 (1) വകുപ്പ് പ്രകാരം വാർഷിക ധനകാര്യ പത്രിക ഓഡിറ്റിനായി സമർപ്പിക്കുമ്പോൾ പത്രികകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1–1–2 അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള മുഴുവൻ പത്രികകളും തയ്യാറാക്കിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. മുഴുവൻ പത്രികകളും വാർഷിക ധനകാര്യ

പത്രികയ്ക്കൊപ്പം സമർപ്പിക്കാത്തതിന്റെ കാരണം ഓഡിറ്റ് എൻക്വയറി നം. 12 വഴി അന്വേഷിച്ചതിന് നിലവിലെ അക്കൗണ്ടിംഗ് സോഫ്റ്റ്വെയറായ lLGMS ൽ വാർഷിക അനുപാതങ്ങൾ ലഭ്യമല്ലാത്തതിനാലാണ് ആയത് തയ്യാറാക്കാത്തതെന്ന് മറുപടി നൽകി.

1-1-3 വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

വിവിധയിനം വരവ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ അവ പ്രതിമാസം ക്ലോസ് ചെയ്ത് ലെഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുകകൾ വർഷാന്ത്യത്തിൽ രേഖപ്പെടുത്തി ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്ന രീതിയാണ് തുടർന്ന് വരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12 ന് വരും വർഷങ്ങളിൽ വരവുകൾ പരിശോധിച്ച് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകി. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി) എന്നിവയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിയ്ക്കേണ്ടതാണ്

1-1-4 ക്യാഷ് ഫ്ലോ പത്രിക കൃത്യത പുലർത്തുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. Net Increase In Cash And Cash Equivalents 1,73,97,835 രൂപയും Net Cash Generated By Operating + Investing + Financial Activity (A+B+C) ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക 70,40,885 രൂപയുമാണ്. തുകകൾ തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12 ന് ക്യാഷ് ഫ്ലോ പത്രിക നിലവിലെ അക്കൗണ്ടിംഗ് സോഫ്റ്റ്വെയറായ lLGMS ൽ ജനറേറ്റ് ആയി വരുന്നതാണെന്നും സോഫ്റ്റ്വെയറിലെ അപാകത മൂലമാണ് ടി വ്യത്യാസം വന്നിട്ടുള്ളതെന്നും മറുപടി നൽകി.

1-1-5 വരവിനങ്ങളുടെ ഡിമാന്റ് അക്രൂവൽ അടിസ്ഥാനത്തിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ വസ്തു നികുതി ഡിമാന്റ് എൻട്രി 31.03.3024 ലാണ് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12 ന് പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകി. ആയത് കൃത്യമായി പാലിക്കേണ്ടതാണ്

1-1-6 ബാലൻസ്ഷീറ്റിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ വിവരങ്ങൾ ചേർത്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12 ന് സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകി.

1-1-7 ഡെപ്പോസിറ്റ് വർക്കുകൾക്കായി മുൻകൂറായി നൽകിയ മുഴുവൻ തുകകളും പ്രവർത്തി പൂർത്തീകരിച്ച് നാളിതുവരെ ക്രമീകരിച്ചില്ല

ഡെപ്പോസിറ്റ് വർക്കുകൾക്കായി സർക്കാർ ഏജൻസികൾക്ക് മുൻകൂറായി നൽകിയ മുഴുവൻ തുകകളും പ്രവർത്തി പൂർത്തീകരിച്ച് നാളിതുവരെ ക്രമീകരിച്ചിട്ടില്ല. കരാർ പ്രകാരം പ്രവർത്തി പൂർത്തീകരിയ്ക്കേണ്ട തീയതി കഴിഞ്ഞും പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലാത്ത പദ്ധതികളുടെ പട്ടിക ലഭ്യമാക്കാൻ ആവശ്യപ്പെട്ടും ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറി നം. 12 ന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയതും ലഭ്യമാക്കിയില്ല. ഡെപ്പോസിറ്റ് തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

	2022-23 വർഷത്തെ ബാലൻസ്ഷീറ്റ് B-18 പ്രകാരമുള്ള ഡെപ്പോസിറ്റ് തുക	2023-24 വർഷം നൽകിയ തുക	ആകെ	തൻവർഷം ക്രമീകരിച്ച തുക	2023-24 വർഷത്തെ ബാലൻസ്ഷീറ്റ് B-18 പ്രകാരമുള്ള നീക്കിയിരിപ്പ് തുക
കേരള വാട്ടർ അതോറിറ്റി	1,13,42,974	20,000	1,13,62,974	13,19,503	1,00,43,471
കേരള ഇലക്ട്രിസിറ്റി ബോർഡ്	1,43,17,256	25,11,988	1,68,29,244	0	1,68,29,244
ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	4,97,850	0	4,97,850	-	4,97,850
ആകെ					**2,73,70,565**

ഡെപ്പോസിറ്റ് പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുകയും ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് തുകകൾ ക്രമീകരിച്ച് അറിയിക്കേണ്ടതുമാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ തുകകളുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

1-1-8 ബാധ്യതാ ഹെഡുകളിലെ നീക്കിയിരിപ്പ് തുകയും ബന്ധപ്പെട്ട ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/24 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. എന്നാൽ ഫണ്ടുകളുടെ ഷെഡ്യൂൾ ബി-4 പ്രകാരമുള്ള നീക്കിയിരിപ്പും ബി-17 പ്രകാരമുള്ള അക്കൌണ്ട് നീക്കിയിരിപ്പും പരസ്പരം പൊരുത്തപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഹെഡ്	ബാലൻസ്ഷീറ്റ് B4 പ്രകാരം നീക്കിയിരിപ്പ്	ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ്	വ്യത്യാസം	റിമാർക്ക്സ്
	320500101 Grants, Funds & Contributions For Specific Purposes - Welfare Bodies- Capital	42,19,074	41,37,049.0	82,025	450210101 STATE BANK OF INDIA-BUDS-(67089866650)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.31 ന് 'Grants, Funds & Contributions For Specific Purposes - Welfare Bodies- Capital എന്ന ഹെഡിൽ അധികമായി കാണുന്ന 82,025 രൂപ ബഡ്സ് സ്കൂൾ തുടർ പ്രവർത്തനങ്ങൾക്കായി മുൻകാലങ്ങളിൽ ലഭിച്ചിരുന്നതും ചെലവഴിച്ചിട്ടുള്ളതുമായ തുകയാണെന്നും എന്നാൽ ചെലവ് സംബന്ധിച്ച രേഖകൾ ലഭ്യമല്ലാത്തതിനാലാണ് തുക ലൈബിലിറ്റി ആയി ഹെഡിൽ കാണപ്പെടുന്നതെന്നും ടി വിവരങ്ങൾ പഞ്ചായത്ത് കമ്മിറ്റിയെ ബോധ്യപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി ലൈബിലിറ്റി ഹെഡിൽ നിന്നും പ്രസ്തുത തുക ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതാണെന്നും മറുപടി നൽകി. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-9 വസ്തു നികുതിയുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമായ ഡിമാന്റ്-കളക്ഷൻ-ബാലൻസ് റിപ്പോർട്ടും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്-കളക്ഷൻ-ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരം -

ഇനം	Demand I-1 പ്രകാരം	Collection (Rp45 പ്രകാരം)	Balance

		Collection	Advance Collection (2022-23)	Total Collection*	
Property Tax Current (Residential+ Non Residential)	68,61,341	60,76,150	1,85,826	62,61,976	9,33,140
	(37,21,617 + 31,39,724)	(34,87,550 + 25,88,600)	(46,534 + 1,48,583) X 100/105	(60,76,150 + 1,85,826)	(3,73,613 + 5,59,527)
Property Tax - Arrear (Residential+ Non Residential)	25,57,340	17,89,940	-	17,89,940	8,08,511
	(764804+1128889 +424538+ 366976-127867)	(12,34,301 + 5,55,639)	-		(6,23,752 + 1,84,759)
ആകെ	**94,18,681**	**80,51,916**			**12,74,849 (9,33,140+ 8,08,511 – 4,66,802)**

സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം	Demand	Collection	Balance
Property Tax Current (Residential+ Non Residential)	68,61,341	62,32,879	5,77,815
	(37,21,617 + 31,39,724)	32,65,669 + 29,67,210	4,39,512 + 1,38,303
Property Tax - Arrear (Residential+ Non Residential)	24,74,715	17,65,585	7,17,090
	17,69,574 + 7,05,141	12,17,036 + 5,48,549	5,51,299 + 1,65,791
ആകെ	93,36,056	79,98,464	12,94,905

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറുമായി പോരുത്തപ്പെടാത്തതിന്റെ കാരണം ഓഡിറ്റ് എൻകയറി നം. 31 വഴി അന്വേഷിച്ചതിന് 2023-24 സാമ്പത്തിക വർഷം നികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ, പൊളിച്ചുകളഞ്ഞ കെട്ടിടങ്ങൾ, നികുതി റിവൈസ് ചെയ്ത കെട്ടിടങ്ങൾ എന്നിവയിലുള്ള കെട്ടിട നികുതിയിലെ വ്യത്യാസം ക്രമീകരിക്കുന്നതിന് 5-3-24 ലെ 4ാം നമ്പർ പ്രകാരം തീരുമാനമെടുത്തിട്ടുള്ളതാണെന്നും സഞ്ചയയിൽ ഓൺലൈനായി കെട്ടിടനികുതി അടവാക്കുന്ന സംഗതികളിൽ ആയത് സഞ്ചയയിൽ യഥാസമയം പോസ്റ്റിങ്ങ് ആയി വരാത്തതിനാൽ ആണ് വ്യത്യാസം കാണപ്പെടുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡി.സി.ബി ഇകകളിലെ വ്യത്യാസം ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

1-2 ബഡ്ജറ്റ്

	ബജറ്റ് പ്രകാരം	റിവൈസ്ഡ് ബജറ്റ് പ്രകാരം
ഭരണ സമിതി അംഗീകാരം	9-3-2023 ലെ 1-1ാം നമ്പർ തീരുമാനം	30-01-2024 തീയതിയിലെ 1ാം നമ്പർ തീരുമാനം
മുന്നിരിപ്പ്	1,93,41,741	1,93,41,741
വരവ്	31,55,58,770	32,50,53,663
ആകെ	33,49,00,511	34,43,95,404
ചെലവ്	31,82,55,594	32,77,50,487
നീക്കി ബാക്കി	1,66,44,917	1,66,44,917

1-3 സാമ്പത്തിക അവലോകനം.

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

മുന്നിരിപ്പ്	4,52,11,016
ഓഡിറ്റ് വർഷത്തെ വരവ്	6,30,63,014
ആകെ	10,82,74,030
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	4,56,65,179
നീക്കിയിരിപ്പ്	6,26,08,851

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഗ്രാമപഞ്ചായത്തിന് 2023-24 സാമ്പത്തിക വർഷം ലഭിച്ച വിവിധ ഫണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

	വരവ്	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട് (ജനറൽ)	2,32,72,663	2,39,84,501	-7,11,838
വികസന ഫണ്ട് (എസ്.സി.പി.)	1,44,93,936	1,41,31,522	3,62,414
പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Tied)	33,47,500	9,71,211	23,76,289
പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Un- Tied)	44,63,000	30,54,135	14,08,865
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	1,07,15,350	74,78,914	32,36,436
മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്)	53,64,000	53,63,637	363
CSS	0	19,56,264	-19,56,264

ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I.

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് Receipt ഭാഗത്ത് GO പ്രോജക്കുകളുടെ Source Deduction കൂടാതെയുള്ള വരവ് തുകയും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള ചെലവ് തുകയുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഗ്രാന്റുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവ് കാണപ്പെടുന്നുണ്ട്.

2) സി.എസ്.എസ് ഫണ്ടിന്റെ വരവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.

3) വെബ്സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ(എ.സി.ആറിൽ) നിർവഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ ക്യാബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത ബിൽ തുകകളും ഉൾപ്പെടുന്നുണ്ട്.

4) സി.എഫ്.സി ഫണ്ടുകളിൽ (Tied &Untied) മുന്നിരിപ്പ് ഉണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ആയത് ഉൾപ്പെട്ടിട്ടില്ല.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

II.

ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം തുക കുറവ് ചെയ്യുന്നതിന് ജി.ഒ.(എം.എസ്)നം. 179/2022/ഫിൻ തീ. 18/10/2022 പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രാദേശിക സർക്കാരുകൾക്ക് 2023-24 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ.(സാധാ)നം.2858/2024/ധന തീ. 22-03-2024 പ്രകാരം ലഭ്യമാക്കിയതിൽ വെങ്ങാന്നൂർ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 2,69,520/- രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. തനത് വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കാത്തതിനാലാണ് പ്രസ്തുത തുക കുറവ് ചെയ്തിരിക്കുന്നത്.

III.

ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു

മേഖല	വിഭാഗം	അടങ്കൽ (മറ്റുള്ളവ ഒഴികെ)	ചെലവ് (മറ്റുള്ളവ ഒഴികെ)	ചെലവ് %
ഉല്പാദനം	പൊതുവിഭാഗം	1,15,99,000	45,88,212	39.5

സേവനം	പൊതുവിഭാഗം	9,98,94,432	3,86,47,758	38.6
	പട്ടിക ജാതി	2,79,22,522	1,57,21,522	56
പശ്ചാത്തലം	പൊതുവിഭാഗം	2,75,13,608	1,00,87,954	36.6
	പട്ടിക ജാതി	5,00,000	0	0
	ആകെ	**16,74,29,562**	**6,90,45,446**	**41.2**

വിവിധ വിഭാഗങ്ങളിലെ ചെലവ് ശതമാനം 50% ൽ താഴെയാണ്. ചെലവു ശതമാനം കുറയാനിടയായ സാഹചര്യം വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 18 വഴി ആവശ്യപ്പെട്ടെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

IV)

ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം 2022-23 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ചിരുന്ന ചുവടെ ചേർക്കുന്ന ഫണ്ടുകൾ 2023-24 സാമ്പത്തിക വർഷത്തിലും ചെലവഴിക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല.

ഹെഡ് കോഡ്	ഹെഡ്	ചെലവഴിക്കാൻ അവശേഷിക്കുന്ന തുക
320100181	Total Sanitation Campaign	3,06,000
320100191	Nirmal Puraskar	2,33,000
320300199	Grants, Funds & Contributions For Specific Purposes - Other Government Agencies	8,38,091
320700204	Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats	5,47,737
320700205	Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats	5,62,800
320700305	Contributions For Other Specific Purposes (For Capital Expenditure)- From District Panchayats	1,03,569
320800199	Other Grants, Funds & Contributions For Specific Purposes - Capital	23,906

ടി തുകകൾ ചെലവഴിക്കാത്തതിന്റെ കാരണം അന്വേഷിച്ചും പ്രസ്തുത തുക സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിവരം ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറി നം. 18 ന് 2024-25 വാർഷിക പദ്ധതിയുടെ ഭാഗമായി ടി തുകകൾ വകയിരുത്തിയിട്ടുള്ളതാണെന്ന് മാത്രം മറുപടി നൽകി. ബാധ്യതാ ഹെഡിൽ വിനിയോഗിക്കാതെ സൂക്ഷിച്ചിരിയ്ക്കുന്ന തുക സംബന്ധിച്ച് തുടർ നടപടി സ്വീകരിയ്ക്കുകയും പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

V)

ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഉണഭോക്തൃ വിഹിതം ഇനത്തിൽ 4,23,000/- രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക ഏത് പദ്ധതിയുമായി ബന്ധപ്പെട്ട് പിരിച്ചെടുത്തതാണെന്ന വിശദാംശം ലഭ്യമാക്കാനും പ്രസ്തുത തുക നാളിതുവരെ ചെലവഴിക്കാത്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറി നം. 18 ന് 1-2-2013 മുതൽ 31-3-2018 വരെയുള്ള കാലയളവിലാണ് ടി തുകകൾ അക്കൌണ്ടിൽ വന്നിട്ടുള്ളതെന്നും എന്നാൽ തുക സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ലഭ്യമല്ലെന്നും മറുപടി അറിയിച്ചു. കൂടാതെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം തുടർനടപടി സ്വീകരിയ്ക്കുന്നതാണെന്നും മറുപടി നൽകി. തുടർ നടപടി വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

(എ) 2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ)	ആകെ പദ്ധതിചെലവ് (മറ്റുള്ളവ ഒഴികെ)	ചെലവ് ശതമാനം

കൃഷി ഓഫീസർ	12	12	0	16,24,000	16,13,144	99
വെറ്റിനറി സർജ്ജൻ	7	4	3	16,50,000	9,85,000	60
മെഡിക്കൽ ഓഫീസർ (CHC)	13	9	4	57,55,591	39,01,153	68
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	1	1	0	40,000	8,000	2
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (1)	17	14	3	5,01,03,001	1,98,87,246	40
ഐ.സി.ഡി.എസ് സൂപ്പർവൈസർ	31	14	17	86,00,950	67,27,496	78
സെക്രട്ടറി	45	28	17	2,11,92,321	1,26,08,124	59
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (2)	10	9	1	28,83,210	4,51,097	16
അസി.എഞ്ചിനീയർ	85	32	53	3,67,84,394	86,67,384	24
ഹെഡ്മാസ്റ്റർ	7	6	1	14,23,956	11,22,441	79
മെഡിക്കൽ ഓഫീസർ (ഹോമിയോ)	3	3	0	2,90,000	2,79,752	96
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	0	36,00,000	16,13,945	45
അസിസ്റ്റന്റന്റ് സെക്രട്ടറി	18	10	8	71,14,268	54,33,712	76
മെഡിക്കൽ ഓഫീസർ (ആയുർവേദം)	12	11	1	42,03,000	41,75,974	99

(സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക	ചെലവ് തുക	ശതമാനം
പൊതുവിഭാഗം (ജനറൽ)	2,83,28,000	2,39,84,501	85
എസ്.സി.പി.	1,60,89,458	1,41,31,522	88
ടി.എസ്.പി	--	---	---
ധനകാര്യ കമ്മിഷൻ അവാർഡ്	2,07,36,619	40,25,346	19
കേന്ദ്രാവിഷ്കൃത ഫണ്ട്	90,24,000	19,56,264	21
സംസ്ഥാനാവിഷ്കൃത ഫണ്ട്	1,56,25,000	0	0
തനത് ഫണ്ട്	88,39,532	4650061	53
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	91,55,750	20,69,695	23
മറ്റ് ജില്ലാ പഞ്ചായത്ത്	85,64,230	17,13,750	20
മെയിന്റനൻസ് നോൺ റോഡ്	2,67,97,381	1,26,42,551	47
മെയിന്റനൻസ് റോഡ്	1,93,59,728	74,78,914	39
മറ്റുള്ളവ	6,16,01,748	57,10,333	9
ആകെ	22,41,21,441	7,83,62,937	35

1-6 ക്ഷേമ പദ്ധതികൾ

ക്രമ നം.	ക്ഷേമ പദ്ധതികളുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	18,11,200	150
2	വിധവ പെൻഷൻ	1,63,65,300	1574
3	വാർദ്ധക്യകാല പെൻഷൻ	3,09,35,700	3159
4	വികലാംഗ പെൻഷൻ	49,25,800	314

5	50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	4,25,600	39
6	വിവാഹ ധനസഹായം	1,20,000	4

1–7 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.08.2024 തീയതിയിൽ 12.45 പി.എം സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,833/-(പതിനയ്യായിരത്തി എണ്ണൂറ്റിമുപ്പത്തി മൂന്ന്) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1–8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് പ്രകാരം പഞ്ചായത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. നിലവിൽ പഞ്ചായത്തിൽ പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്. ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നുണ്ടെങ്കിലും 241 ഫയലുകൾ തീർപ്പാക്കാനവശേഷിക്കുന്നു. ഇൻകംബൻസി രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. മൂവ്മെൻറ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ജനറൽകമ്മിറ്റി മിനിട്സ് ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ ക്ലോസ് ചെയ്ത് പ്രസിഡൻറ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിവരവകാശ, സേവനാവകാശ നിയമരജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1–9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ വരവ് – ചെലവ് – നീക്കിയിരിപ്പ് കണക്കുകൾ ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	9,488	13,00,485	13,09,973	13,09,953 (13,05,296 + 4,657 Refund To State Mission)	20
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക	0	4,16,81,304	4,16,81,304	4,16,81,304	0
ആകെ	**9,488**	**4,29,81,789**	**4,29,91,277**	**4,29,91,257**	**20**

1–10 മറ്റ് ഓഡിറ്റുകൾ നടന്നതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	19.05.2022	01.07.2021 മുതൽ 31.03.2022 വരെ	റിപ്പോർട്ട് ലഭ്യമായിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	07.12.2015	2010-11 മുതൽ 2014-15 വരെ	28.07.2016

1–11 യോഗമിനിട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല.

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗനടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24 മണിക്കൂറിനകം പ്രസിഡന്റ് സെക്രട്ടറിയ്ക്ക് തിരിച്ച് നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്സ്

ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ ഭരണതലത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗമിനിട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നൽകുന്നതിൽ പ്രസിഡന്റും സെക്രട്ടറിയും തങ്ങളുടെ ഭരണപരമായ ചുമതലകൾ നിർവഹിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് ഭരണസമിതി എടുത്ത ഭരണപരമായ തീരുമാനങ്ങൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം സെക്രട്ടറിയും പ്രസിഡന്റും അംഗീകാരം നൽകാത്തതിനുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് കമ്മിറ്റി കൂടിയ തീയതി	മിനിട്സ് സെക്രട്ടറി അംഗീകരിച്ച തീയതി	മിനിട്സ് പ്രസിഡന്റ് അംഗീകരിച്ച തീയതി
16/6/2023	18/9/2023	18/9/2023
4/7/2023	18/9/2023	18/9/2023
20/7/2023	18/9/2023	18/9/2023
25/8/2023	18/9/2023	18/9/2023
15/9/2023	8/11/2023	8/11/2023
29/9/2023	8/11/2023	8/11/2023
27/10/2023	5/12/2023	5/12/2023
10/11/2023	4/12/2023	4/12/2023
20/11/2023	4/12/2023	4/12/2023
6/12/2023	14/5/2024	14/5/2024
26/12/2023	6/7/2024	6/7/2024
30/12/2023	6/7/2024	6/7/2024
23/1/2024	24/2/2024	24/2/2024
30/1/2024	14/5/2024	14/5/2024
8/2/2024	24/2/2024	24/2/2024
9/2/2024	24/2/2024	24/2/2024
11/3/2024	14/5/2024	14/5/2024
23/3/2024	14/5/2024	14/5/2024

മേൽ വിവരിച്ചതിൻ നിന്നും ഭരണസമിതി അംഗീകരിച്ച ചില തീരുമാനങ്ങൾ 2 മാസം കഴിഞ്ഞാണ് സെക്രട്ടറിയും, പ്രസിഡന്റും അംഗീകരിച്ചതെന്ന് വ്യക്തമാകുന്നു. ചട്ടപ്രകാരമുള്ള കാലയളവിൽ ഭരണസമിതി തീരുമാനങ്ങൾ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് 12/08/2024 ന് ഓഡിറ്റ് എൻകയറി നം. 17/നല്ലി. ഓഡിറ്റ് എൻകയറിക്ക് മറുപടിയായി തുടർന്ന് സമയബന്ധിതമായി സകർമ്മ ക്ലോസ് ചെയ്യുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള കാലയളവിൽ ഭരണസമിതി തീരുമാനങ്ങൾ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

1-12 പന്നികൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല.

1998 ലെ കേരള പഞ്ചായത്തുരാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ അനുസരിച്ച് പന്നികൾക്കും പട്ടികൾക്കും ലൈസൻസ് ഏർപ്പെടുത്തേണ്ടതുണ്ട്. വെങ്ങാനൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2022-27 വർഷത്തേക്കുള്ള സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിനുള്ളിൽ 120 പന്നികൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നല്കൽ സംബന്ധിച്ച രജിസ്റ്ററിൽ പട്ടികൾക്ക് ലൈസൻസ് അനുവദിച്ചതിന്റെ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. പന്നികൾക്ക് ലൈസൻസ് നല്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ട് 16.08.2024 ൽ 27 നമ്പറായി ഓഡിറ്റ് എൻകയറി നല്കുകയുണ്ടായി.
വെങ്ങാനൂർ പഞ്ചായത്തിലെ അനധികൃതമായി പ്രവർത്തിക്കുന്ന പന്നി ഫാമുകൾക്ക് നിയമാനുസൃതം ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി മറുപടി നല്കിയിട്ടുണ്ട്. തുടർനടപടികൾ പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

1-13 തൊഴിൽനികുതി ഈടാക്കുന്നില്ല

2023-24 വർഷം വെങ്ങാനൂർ ഗ്രാമപ്പഞ്ചായത്തിനുള്ളിൽ 60 ദിവസത്തിലധികം ജോലി ചെയ്തിരുന്ന കരാറുകാർ, അഭിഭാഷകർ, പ്രൊഫഷണൽ ഡോക്ടേഴ്സ്, റേഷൻകട ജീവനക്കാർ എന്നിവരിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത്

രാജ് ആക്ട്, വകുപ്പ് 204, 205 എന്നിവ പ്രകാരം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 14.08.2024 ൽ 24 നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നിലവിൽ മേൽപ്പറഞ്ഞവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ലെന്നും വരും വർഷങ്ങളിൽ ആയതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ അലംഭാവം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1–14 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ – അപാകങ്ങൾ.

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ സംബന്ധിച്ച് നല്കിയ 25/14.08.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു:

ക്രമ നം.	അപാകം	ലഭ്യമാക്കിയ മറുപടി	ഓഡിറ്റിന്റെ അഭിപ്രായം
1	ട്രേഡേഴ്സ് ലിസ്റ്റിൽ 289 സ്ഥാപനങ്ങളേ ഉൾപ്പെ ട്ടിട്ടുള്ള. ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെട്ടു ത്തൽ പ്രകാരം 311 പേർ ലൈസൻസ് എടുത്തി ട്ടുണ്ട്.	ട്രേഡേഴ്സ് ലിസ്റ്റിൽ ബാക്കി സ്ഥാപനങ്ങളുടെ പേര് ചേർക്കാൻ വിട്ടുപോയതാണ്. ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് സമർപ്പിക്കുന്നതാണ്.	വെങ്ങാന്നൂർ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാരസ്ഥാപനങ്ങളുടെയും വിവരം ചേർത്ത് ട്രേഡേഴ്സ് ലിസ്റ്റ് പൂർണമാക്കേണ്ടതും അത് കാലികമായി പുതുക്കേണ്ടതുമാണ്.
2	2023-24 വർഷം വെങ്ങാന്നൂർ ഗ്രാമപ്പഞ്ചാ യത്ത് പരിധിക്കുള്ളിൽ 1439 ഓളം വാണിജ്യാ വശ്യത്തിനുള്ള കെട്ടിട ങ്ങൾ ഉണ്ടായിരുന്ന തായി സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം കാണുന്നു. എന്നാൽ 311 സ്ഥാപനങ്ങൾക്ക് മാത്ര മാണ് ലൈസൻസ് നല്കി യിട്ടുള്ളത്.	വെങ്ങാന്നൂർ പഞ്ചായ ത്തിലെ സഞ്ചയ പ്രകാരമുള്ള എല്ലാ വാണിജ്യാവ ശ്യത്തിനുള്ള കെട്ടിടങ്ങളിലും നിലവിൽ വ്യാപാര സ്ഥാപനങ്ങൾ പ്രവർ ത്തിക്കുന്നില്ല. ആയത് പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുള്ളതാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളിൽ പരിശോധന നടത്തി ലൈസൻസ് എടുപ്പിക്കുന്നതി നുള്ള നടപടി സ്വീകരിച്ചുവരുന്നു.	ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് നാളിതുവരെയുള്ള നിയമാനുസൃത ലൈസൻസ് ഫീ ഈടാക്കി വരുമാനം വർധിപ്പി ക്കേണ്ടതാണ്.
3	യന്ത്രസാമഗ്രികൾ ഉപ യോഗിക്കുന്ന സ്ഥാപന ങ്ങളിൽ നിന്ന് ഈടാ ക്കേണ്ടതായ ലൈസൻ സ് ഫീ മിക്ക അപേക്ഷ കരിൽ നിന്നും ഈടാക്കി യിട്ടില്ല.	പുതുതായി തുടങ്ങുന്ന മെഷീനുകൾ പ്രവർത്തി പ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മെഷീൻ ഫീ കൃത്യമായി ഈടാ ക്കിവരുന്നു. എന്നാൽ ലൈസൻസ് പുതുക്കുന്ന മെഷീനുകൾ പ്രവർ ത്തിപ്പിക്കുന്ന സ്ഥാപന ങ്ങളിൽ നിന്നും മെഷീ ൻ ഫീ ഈടാക്കുന്നില്ല.	1996 ലെ കേരള പഞ്ചായത്തുരാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈ സൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 20, 21 പ്രകാരം പുതുതായി നല്കുകയോ പുതുക്കു യോ ചെയ്യുന്ന ലൈസൻ സിന് മെഷീൻ ഫീ ചുമത്തേണ്ടതാണ്. അപ്രകാരം ഫീ ഈടാക്കി വരുമാനം വർധിപ്പി ക്കേണ്ടതാണ്.
4	ഗ്രാമപ്പഞ്ചായത്ത് പരിധി ക്കുള്ളിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്ന് ലൈസൻസ് ഈടാക്കിയിട്ടില്ല.	ഗ്രാമപ്പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന റേഷൻകട കളിൽ നിന്ന് ലൈസൻസ് ഈടാക്കിയിട്ടില്ല.	റേഷൻകടകളിൽ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി എത്രയും വേഗം പൂർത്തിയാക്കി നിയമാനുസൃത ഫീ ഈടാക്കേണ്ടതാണ്.

1–15 കശാപ്പുശാലകൾക്ക് നിയമാനുസൃത ലൈസൻസ് ഏർപ്പെടുത്തിയിട്ടില്ല.

1996 ലെ കേരള പഞ്ചായത്തുരാജ് (കശാപ്പുശാലുകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ അനുസരിച്ച് കശാപ്പുശാലകളും കശാപ്പുകാരും ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ, വെങ്ങാന്നൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2022-27 വർഷത്തേക്കുള്ള സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആധുനിക അറവുശാലകൾ 03 എണ്ണം അംഗീകാരമില്ലാതെ

പ്രവർത്തിക്കുന്നതായി കാണുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക് (നം. 26/16.08.2024), അനധികൃതമായി പ്രവർത്തിക്കുന്ന അറവുശാലകൾക്ക് നിയമാനുസൃതം ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി മറുപടി നല്കിയിട്ടുണ്ട്. തുടർനടപടികൾ പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

1-16 ടേക്ക്-എ-ബ്രേക്ക് നിർമ്മാണം പൂർത്തീകരിച്ചെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ ടേക്ക്-എ-ബ്രേക്ക് – നിർമ്മാണം എന്ന പ്രോജക്ട് 2021-22 സാമ്പത്തിക വർഷം ആവിഷ്കരിക്കുകയും 2022-23, 2023-24 എന്നീ വർഷങ്ങളിലൂടെ ടേക്ക്-എ-ബ്രേക്ക് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടുകളുടെയും അവയുടെ ചെലവുകളും ചുവടെ ചേർക്കുന്നു.

1)

പ്രോജക്ട് നം.	So082/21-22,So065 /22-23,So209/24, So244/24 ടേക്ക്-എ-ബ്രേക്ക് – നിർമ്മാണം
അടങ്കൽ	₹10,00,000/(വികസനഫണ്ട്)സി.എഫ്.സി ₹12,58,599 (കേന്ദ്രാവിഷ്കൃത ഫണ്ട്)

ടേക്ക്-എ-ബ്രേക്ക് – നിർമ്മാണത്തിനായി 2022-23ൽ താഴെ പറയുന്ന ബില്ലുകൾ പ്രകാരം സി.എഫ്.സി. ഫണ്ട് ₹872320/- യും കേന്ദ്ര ഫണ്ട് 879095രൂപയും ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം.	ബിൽ നമ്പർ	തുക	തീയതി
1.	83/12.10.22(സി.എഫി.സി ടൈഡ്)	872320	12.10.22
2.	ചെക്ക് നമ്പർ 03050 27.3.23(കേന്ദ്ര ഫണ്ട്)	879095	27.3.23

2023-24ൽ ടേക്ക്-എ-ബ്രേക്കിലെ ചുറ്റുമതിൽ,അനുബന്ധ പ്രവർത്തികൾ പൂർത്തീകരണത്തിനായി താഴെ പറയുന്ന പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ₹290915/-യും, 194040/-രൂപയും ചെലവ് വന്നിട്ടുണ്ട്.

2)

പ്രോജക്ട് നം.	So209/24, So 244/24 ടേക്ക്-എ-ബ്രേക്ക് – ചുറ്റുമതിൽനിർമ്മാണം,അനുബന്ധ പ്രവർത്തികൾ
ചെക്ക് നം.	000081/14.3.24, ₹290915/ (കേന്ദ്രാവിഷ്കൃത ഫണ്ട്) 60691/22.3.24 ₹ 194040(കേന്ദ്രാവിഷ്കൃത ഫണ്ട്)
EM.Book No.	31/2022-23,32/22-23

ടേക്ക്-എ-ബ്രേക്ക് കേന്ദ്രം പണിയുന്നതിനായി ബാലരാമപുരം നാളികേര ഗവേഷണ കേന്ദ്രത്തിൽ നിന്നും 3 സെന്റ് സ്ഥലം സ്ഥലത്തിന്റെ ഉടമസ്ഥവകാശം കാർഷിക സർവ്വകലാശാലയിൽ തന്നെ നിലനിർത്തികൊണ്ട് ഗ്രാമപഞ്ചായത്തിന് വിട്ടുനല്കി ഈ പദ്ധതി 2021-22 സാമ്പത്തിക വർഷത്തിൽ തുടങ്ങി 2023-24ലാണ് പൂർത്തിയായത്. 21-22 ലെ ഇ-ടെണ്ടർ പ്രകാരം 22,58,000/- രൂപ അടങ്കലുള്ള So082/21-22 പ്രോജക്ട് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത (15,74,148) ശ്രീ.എസ്.രഘുവിന് 2.2.22 ൽ വർക്ക് ഓർഡർ നല്കുകയും ചെയ്തു. ചുറ്റുമതിൽ, അനുബന്ധ പ്രവർത്തികൾ എന്നിവയ്ക്കായി 23-24 ൽ തുടർ പ്രോജക്ടുകൾ വയ്ക്കുകയുംപണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 21-22 മുതൽ 23-24 വരെയുള്ള ആകെ ചെലവ് 22,36,370/ രൂപയാണ്. 16/08/2024 ലെ സ്ഥല പരിശോധനയിൽ പൊതുജനത്തിന് ഉപയോഗിക്കാൻ സാധിക്കുന്ന സ്ഥലത്ത് നാളികേര വികസന കേന്ദ്രത്തിന് മുൻപിലെ ബസ് സ്റ്റോപ്പിനോട് ചേർന്ന സ്ഥലമാണ് 'ടേക്ക്-എ-ബ്രേക്ക് സമുച്ചയം. അവിടെ വാട്ടർ കണക്ഷൻ എടുത്തിട്ടുണ്ടെങ്കിലും കെട്ടിടത്തിനുള്ളിലെ പൈപ്പ് ലൈനിൽ വെള്ളം കിട്ടുന്നില്ല. ടോയ്ലറ്റുകൾക്ക് പുറമേ യാത്രക്കാർക്കായി, മറ്റ് സൗകര്യങ്ങൾ (കോഫി ഷോപ്പ് മുതലായവ) ഒന്നും തന്നെ കെട്ടിട സമുച്ചയത്തിൽ നിലവിൽ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഒന്നാം നില പണിയാനായി ടെറസിൽ നിലനിറുത്തിയിരിക്കുന്ന കോൺക്രീറ്റിലെ കമ്പികൾ നിലവിൽ തുരുമ്പെടുത്ത അവസ്ഥയിലാണെന്ന് സ്ഥല പരിശോധനയിൽ കാണുകയുണ്ടായി.

സ.ഉ(കൈ)നം.39/2020/ത.സ്വ.ഭ.വ., തീയതി. 20-02-2020, സ.ഉ(കൈ)നം.45/2020/ത.സ്വ.ഭ.വ., തീയതി. 06-03-2020 എന്നിവ പ്രകാരം 'പൊതു ടോയ്ലറ്റുകളും വിശ്രമ കേന്ദ്രങ്ങളും' പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ശുചിമുറികളുടെ നിർമ്മാണവും നവീകരണവും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചിമുറികളും 'ടേക്ക്-എ-ബ്രേക്ക് ' വിശ്രമ കേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-

സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതു മേഖല സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ/ബസ്സ്റ്റാന്റ്/ബസ്സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനാണ് ലക്ഷ്യം. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിലുള്ള കുടുബശ്രീ മിഷൻ (സംരംഭ) യൂണിറ്റുകൾക്കാണ് നടത്തിപ്പ്/പരിപാലന ചുമതല നൽകേണ്ടത്. ഇവിടെ പരിപാലന ചുമതല നല്കിയിട്ടില്ല. കുടുബശ്രീ മിഷൻ (സംരംഭ) യൂണിറ്റുകളുമായി കരാർ വച്ച് ടേക്ക്-എ-ബ്രേക്ക് സംരംഭം ഫലപ്രദമാക്കേണ്ടതാണ്.

1-17 ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ 15,000/- രൂപ നാളിതുവരെ തിരികെ ഈടാക്കിയില്ല

വെങ്ങാന്നൂർ ഗ്രാമപഞ്ചായത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ജീവനക്കാർക്കുള്ള ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ മുൻവർഷങ്ങളിൽ നൽകിയിട്ടുള്ള 15,000/- രൂപ നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. ആയതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12 ന് ടി തുക നിലവിൽ പൊതു ഭരണ വകുപ്പിൽ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ആയി ജോലി ചെയ്ത് വരുന്ന ശ്രീമതി അശ്വതി വി യ്ക്ക് ഈ കാര്യാലയത്തിൽ ജോലി ചെയ്യവെ അനുവദിച്ചതാണെന്നും പൊതു ഭരണ അക്കൌണ്ട്സ് (ബി) വകുപ്പിന്റെ 23-02-2024 ലെ സ. ഉ. (സാധാ) നം. 864/2024/GAD ഉത്തരവ് പ്രകാരം ശ്രീമതി. അശ്വതി .വി ഗ്രാമപഞ്ചായത്തിൽ നിന്നും ഓണം അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റിയ 15000/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കു വരുത്തുന്നതിന് ഉത്തരവായിട്ടുണ്ടെന്നും മറുപടി നൽകി. തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 ആയുർവേദ ആശുപത്രിയിൽ വാങ്ങിയ കമ്പ്യൂട്ടറുകൾ KELTRON ഇൻസ്റ്റാൾ ചെയ്തിട്ടില്ല.

പ്രോജക്ട് നമ്പർ – 27/24, ആയുർവേദ ആശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ

ഫണ്ട് –മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ്

അടങ്കൽ – 1,00,000/-

ചെലവ് – 89,710/-

ബിൽ നമ്പർ/തീയതി – 24/31.01.24

ടി പദ്ധതിയിൽ കെൽട്രോണിൽ നിന്നുള്ള 27/01/2024 ലെ ഇൻവോയിസ് പ്രകാരം 2 ഡെസ്ക്ടോപ്പ് *വിൻഡോസ് 11 കമ്പ്യൂട്ടർ* വാങ്ങുന്നതിനായി 89710/- രൂപ (44855*2) മേൽ ബിൽ പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ അതിന്റെ ടാക്സ് ഇൻവോയിസ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 5/24 ന് മറുപടിയായി കമ്പ്യൂട്ടർ കെൽട്രോണിൽ നിന്നും ലഭ്യമായെങ്കിലും നാളിതുവരെ ഇൻസ്റ്റാൾ ചെയ്തിട്ടില്ലായെന്നും ടാക്സ് ഇൻവോയിസ് കിട്ടിയില്ലായെന്നും അറിയിച്ചിട്ടുണ്ട്. പ്രാദേശിക പരിശോധനയിൽ കമ്പ്യൂട്ടറുകൾ കവർ പൊട്ടിക്കാത്ത നിലയിൽ ഇൻസ്റ്റാൾ ചെയ്യാതെ ഹോസ്പിറ്റലിൽ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു. ഇൻസ്റ്റാൾ ചെയ്യാൻ വരുന്ന മുറയ്ക്ക് ടാക്സ് ഇൻവോയിസ് നല്കുന്നതാണെന്ന് KELTRON അറിയിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചത്. കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ടാക്സ് ഇൻവോയ്സ് കെൽട്രോണിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-19 പാഥേയം പദ്ധതി – വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല – 3,67,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നം. - 42/24

പദ്ധതിയുടെ പേര് - പാഥേയം

നിർവഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നം., തീയതി - 417 / 11.03.2024

ഫണ്ടിനം	അടങ്കൽ (രൂപ)	ചെലവ് (രൂപ)
വികസന ഫണ്ട് - പൊതുവിഭാഗം	3,67,200	3,67,200
ജില്ലാ പഞ്ചായത്ത് വിഹിതം	2,91,600	---
ആകെ	**6,58,800**	**3,67,200**

2023-24 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പാഥേയം എന്ന പദ്ധതിക്ക് വെങ്ങാന്നൂർ ഗ്രാമപ്പഞ്ചായത്തിന്റെ വിഹിതമായി വികസന ഫണ്ടിൽ നിന്ന് 3,67,200/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി ആകെ 45 ഗുണഭോക്താക്കൾ ഉള്ളതിൽ 11 പേർക്ക് ഒരു ദിവസത്തെ നിരക്കായ 40/- രൂപ മുഴുവനും, 34 പേർക്ക് ഒരു ദിവസത്തെ നിരക്കായ 40/- രൂപയുടെ 40% ആയ 16/- രൂപ വീതവും ഗ്രാമപ്പഞ്ചായത്ത് വിഹിതമായി നല്കുവാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. അങ്ങനെയെങ്കിൽ 3,59,160/- രൂപയാണ് നല്കേണ്ടിയിരുന്നത് എന്നിരിക്കെയാണ് 3,67,200/- രൂപ നല്കിയിരിക്കുന്നത്. കൂടാതെ, 40/- രൂപയുടെ 60% തുക (24/- രൂപ) ജില്ലാ പഞ്ചായത്താണ് ചെലവഴിക്കേണ്ടത് എന്നിരിക്കെ, 11 പേർക്ക് മുഴുവൻ തുകയും പഞ്ചായത്ത് വിഹിതമായി നല്കിയതിലൂടെ പ്രതിദിനം 264/- രൂപയുടെ (11 X 24) അധികച്ചെലവ് ഉണ്ടായിരിക്കുന്നുമുണ്ട്.

ഇത് സംബന്ധിച്ച് 09.08.2024 ൽ നല്കിയ ഓഡിറ്റ് എൻകുയറിക്ക് (നം.8) ലഭ്യമാക്കിയ മറുപടിയിൽ, വിനിയോഗസാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാകുന്നതനുസരിച്ച് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അധികം അനുവദിച്ച തുക അടുത്ത വർഷത്തെ പാഥേയം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണെന്നും അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിരിക്കുന്നു. മറുപടി പ്രകാരം തുടർനടപടികൾ സ്വീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്. അതുവരെ 3,67,200/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1–20 മുറ്റത്തൊരു മീൻതോട്ടം – പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ.

പദ്ധതി നം. - 31/24

പദ്ധതി പേര് - മുറ്റത്തൊരു മീൻതോട്ടം

നിർവഹണോദ്യോഗസ്ഥൻ - ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ

വികസന ഫണ്ട് (പൊതുവിഭാഗം) - 40000/-

ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) - 60000/-

ആകെ അടങ്കൽ - 1,00,000/- രൂപ

ചെലവ് - 8,000/- രൂപ

ബിൽ നം., തീയതി - 218/27.11.2023

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ 'മുറ്റത്തൊരു മീൻതോട്ടം' എന്ന പദ്ധതിയുടെ ഗുണഭോക്താവിന് 8000/- രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4.11 ൽ ആവശ്യമായ മത്സ്യവിത്ത് ഫിഷറീസ് വകുപ്പിൽ നിന്ന് സൗജന്യമായി ലഭിക്കുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഗുണഭോക്താവ് നേരിട്ട് പണം മുടക്കി വയലോരം അക്വേറിയം, വിളവൂർക്കൽ എന്ന സ്ഥാപനത്തിൽ നിന്ന് ആസ്സാം വാള ഇനത്തിൽപ്പെട്ട 250 മത്സ്യവിത്ത് 6/- രൂപ നിരക്കിൽ വാങ്ങിയിട്ടുള്ളതായും കാണുന്നു.
ഫിഷറീസ് വകുപ്പിൽ നിന്ന് സൗജന്യമായി മത്സ്യവിത്ത് ലഭ്യമാക്കുകയോ, സർക്കാർ ഏജൻസികളായ ADAK, FFDA എന്നിവയിൽ നിന്നോ മത്സ്യകർഷക സഹകരണ സംഘങ്ങളിൽ നിന്നോ കുറഞ്ഞ നിരക്കിൽ മത്സ്യ കുഞ്ഞുങ്ങൾ ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല. അപ്രകാരം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ മാത്രം സ്വകാര്യ വിതരണക്കാരിൽ നിന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് വാങ്ങാവുന്നതാണ്. (അവലംബം സബ്സിഡി മാർഗ്ഗരേഖ ഖ.6.4(13A).
മുറ്റത്തൊരു മീൻതോട്ടം എന്ന പദ്ധതിയുടെ ഭാഗമായി നടത്തിയ മത്സ്യക്കൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷുറൻസ് സ്കീമിന്റെ ഭാഗമാക്കിയിട്ടുണ്ടോ എന്ന വിവരം അറിയിക്കാനായി നൽകിയ 13/12.08.2024 നമ്പർ ഓഡിറ്റ് എൻകുയറിക്ക് ഇൻഷുറൻസ് സ്കീമിന്റെ ഭാഗമാക്കിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി. മത്സ്യക്കൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതാണ്.

1–21 മരുന്നുകൾ ലഭിച്ചിട്ടില്ല – 1,32,029/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹോമിയോ ഡോക്ടർ
പ്രോജക്ട് നമ്പർ/പേര് - S0046/24, ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ – 2,50,000/-
ചെലവ് – 2,50,000/-
ഫണ്ട് - മെയിന്റനൻസ് ഫണ്ട്-റോഡിതരം.
ബിൽ നമ്പർ/തീയതി – 3/22.11.23
മേൽ പ്രോജക്ട് പ്രകാരം മരുന്നു വാങ്ങലിനായി 2,50,000/- രൂപ ഹോംകോ, ആലപ്പുഴയ്ക്ക് 22.11.23 നല്കിയെങ്കിലും ടാക്സ് ഇൻവോയിസ് LF.3023/22.02.24 പ്രകാരം 1,17,971/- രൂപയുടെ മരുന്ന് മാത്രമെ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് എൻകുയറി നം. 1/07.08.23 ന് മറുപടിയായി 1,32,029/- രൂപയുടെ മരുന്നുകൾ കിട്ടാനവശേഷിക്കുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നല്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 1,32,029/- രൂപ തടസ്സം ചെയ്യുന്നു. മരുന്നുകൾ

ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1–22 പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ മൂലം ആസ്തികൾ നിഷ്ഫിയമായി തുടരുന്നു.

പ്രോജക്ട് നമ്പർ/പേര് - 278/23, 219/24. ഘടക സ്ഥാപനങ്ങളിൽ മഴ വെള്ള സംഭരണി.
അങ്കൽ –2,50,000/- രൂപ
ചെലവ് –229023/- രൂപ
ബിൽ നമ്പർ/തീയതി - KSBKN24074014923 /28.02.24
ഫണ്ട് – Corporate Fund
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചീനിയർ

2023-24 സാമ്പത്തിക വർഷം വെങ്ങാന്നൂർ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഘടക സ്ഥാപനങ്ങളായ മുട്ടയ്ക്കാട് എൽ.പി.സ്കൂൾ, ഹോമിയോ ആശുപത്രി എന്നിവിടങ്ങളിൽ അർബൻ അഗ്ലോമറേഷൻ ഫണ്ട് ഉപയോഗിച്ച് മഴ വെള്ള സംഭരണികൾ സ്ഥാപിച്ചിട്ടുണ്ട്. 17/06/24 ലെ സ്ഥല പരിശോധനയിൽ മുട്ടയ്ക്കാട് എൽ.പി. സ്കൂൾ വളപ്പിൽ സ്ഥാപിച്ചിട്ടുള്ള മഴവെള്ള സംഭരണിയിലെ ജലം യാതൊരു വിധത്തിലും സ്കൂളിന്റെ പ്രവർത്തനത്തിനായി വിനിയോഗിക്കുന്നില്ല. ജലം സംഭരിക്കുന്നതിനായി ടാങ്ക് നിർമ്മിച്ച് ഫിൽറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും സംഭരിയ്ക്കപ്പെടുന്ന ജലം ഉപയോഗിക്കുന്നതിനായി മോട്ടോർ ഘടിപ്പിച്ചിട്ടുമില്ല. ജല ദൗർലഭ്യം നേരിടുമ്പോൾ പ്രയോജനപ്പെടുത്തുന്നതിനായി മോട്ടോർ സ്ഥാപിച്ച് കണക്ഷൻ കൊടുക്കാത്തതിനാൽ ഈ പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ ഹോമിയോ ആശുപത്രിയിൽ ടെറസ്സിൽ വീഴുന്ന മഴ വെള്ളം ശേഖരിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും ടെറസ്സിന് മുകളിൽ മേൽക്കൂര ചെയ്തതിനാൽ ടെറസ്സിലെ ഓവ് ചാലിൽ വളരെ കുറച്ച് മഴവെള്ളം മാത്രമെ ലഭിക്കുന്നുള്ളൂ. കൂടാതെ ഫിൽറ്റർ വച്ചിട്ടില്ലാത്തതിനാൽ ഇലയും അവശിഷ്ടങ്ങളും അതിലൂടെ ഒഴുകി ഇറങ്ങാനുള്ള സാധ്യതയും ഉണ്ട്. സംഭരിക്കുന്ന ജലം ഉപയുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കാതെ ജലസംഭരണികൾ മാത്രം നിർമ്മിച്ചതിനാൽ നാളിതുവരെ പദ്ധതി പ്രയോജനപ്പടുത്താൻ സാധിച്ചിട്ടില്ല. തുടർ പ്രവർത്തനം നടത്തി പദ്ധതി പ്രയോജനപ്രദമാക്കിയില്ലെങ്കിൽ ഇത് നിഷ്ഫീയ ആസ്തിയായി മാറുന്നതാണ്.

1–23 ഹെൽത്ത് ഗ്രാൻറ് വിനിയോഗം– ഫലപ്രദമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭിച്ച തുകയിൽ 31,55,292/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഹെൽത്ത് ഗ്രാന്റിന്റെ നാളിതുവരെയുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.
Health Grant Towards Buildingless Subcentres PHCs &CHCs
വരവ് – 2775000/-
പലിശ – 30500/-
ആകെ – 2805500/-
Health Grant To PHC For Diagonostic Infrastructure
മുന്നിരിപ്പ് - 520851/-
വരവ് – 1119000/-
പലിശ – 27602/-
ആകെ – 1667453/-
ചെലവ് – 1435730/-
നീക്കിയിരിപ്പ് – 231723/-
Health Grant Towards PHCs& Subcentres Into Health Wellness
മുന്നിരിപ്പ് – 315486/-
വരവ് – 456000/-
പലിശ – 11631/-
ആകെ – 783117/-
ചെലവ് – 665048/-
നീക്കിയിരിപ്പ് – 118069/-

ഇനം	വരവ്	ചെലവഴിച്ച തുക	അവശേഷിക്കുന്ന തുക
Health Grant Towards Support For Diagnostic Infrastructure To The PHC	2805500	NIL	2805500

Health Grant Towards Conversion Of PHC Into Health And Wellness Center	783117	665048	118069
Diagnostic Facilities In Health Centers	1667453	1435730	231723
ആകെ			3155292

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു

വർഷം	പ്രോജക്ട്	അടങ്കൽ	ചെലവ്
2023-24	256/24 സി.എച്ച്.സി വിഴിഞ്ഞം ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് &വെൽനെസ്സ് പ്രോഗ്രാം	210000	209720
‘	257/24 സി.എച്ച്.സി വിഴിഞ്ഞം രോഗനിർണ്ണയസംവിധാനം മെച്ചപ്പെടുത്തൽ	319591	319591
Do	281/24 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ,കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ െന്നിവിടങ്ങളിൽ രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ (SO)	119000	1116139
Do	282/24, ആരോഗ്യകേന്ദ്രങ്ങളിൽ രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ	456000	455328

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക തുടർന്നുള്ള വർഷങ്ങളിൽ ഫലപ്രദമായി വിനിയോഗിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 ഇൻഷ്വറൻസ് പോളിസികൾ എടുക്കാത്ത കരാറുകാരിൽ നിന്ന് ഫൈൻ ഈടാക്കേണ്ടതാണ്.

ഇ-ടെണ്ടറിനെ സംബന്ധിച്ച സർക്കാർ ഉത്തരവ് (ജി.ഒ.(പി.)നം.3/2017/പി.ഡബ്യു.ഡി./09.08.2017) ലെ നിബന്ധനകളിൽ പന്ത്രണ്ടായി കരാറുകാരൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് പോളിസി എടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കരാറുകാരന്റെ ലെറ്റർ ഓഫ് അക്സപ്റ്റൻസ് ലെ ആറാം നിബന്ധനയിൽ കരാറുകാരൻ, കരാർ തുകയുടെ .5% ശതമാനം ഏറ്റവും കുറഞ്ഞത് 2,00,000/- ലക്ഷം രൂപയുടെ ഇൻഷ്വറൻസ് എടുക്കാത്ത പക്ഷം കരാർ തുകയുടെ .2% തുക ഫൈൻ ആയി ബില്ലിൽ നിന്നും കിഴിച്ച് മാത്രമേ തുക അനുവദിക്കാവൂ. തൻ വർഷം നടപ്പാക്കിയ വിവിധ പ്രോജക്ടുകൾക്ക് കരാറുകാർ ഇൻഷ്വറൻസ് പോളിസികൾ എടുത്തതായി രേഖയില്ല. വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

ക്രമ നം.	പ്രോജക്ട് നം./പേര്	എഗ്രിമെന്റ് നം./ തീയതി	കരാറുകാരന്റെ പേര്	കരാർ തുക (രൂപ)	ബിൽ നം./ തീയതി	ഈടാക്കേണ്ട ഫൈൻ തുക (കരാർ തുകയുടെ .2%) (രൂപ)
1.	ജോൺമെമ്മോറിയൽ റോഡ് റീ ടാറിംഗ് SO232/24	41/എ.ഇ./ എൽ.ഐ.ഡി &ഇ.ഡബ്ല്യു. തീ.8.2.23	ശ്രീ.ശ്രീജിത്ത്	781555/-	3/24 തീ.24.06.2023	1563/
2.	പ്രോജക്ട് നം.220/2024-കല്ല് വെട്ടാൻകുഴി ചാനൽബണ്ട് റോഡ്	38/എ.ഇ./ എൽ.ഐ.ഡി &ഇ.ഡബ്ല്യു. തീ.8.2.23	ശ്രീ.ശ്രീജിത്ത്	7,32,624	13/22.10.24	1465

മേൽ കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കാത്തതിന് വിശദീകരണം നല്കാൻ ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഫൈനൽ ബില്ലിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിൽ കരാറുകാർ ഇൻഷുറൻസ് പോളിസി എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-25 ബഡ്സ് സ്കൂൾ ഓണറേറിയം -വിദ്യാർഥികളുടെ എണ്ണത്തിന് ആനുപാതികമായി ജീവനക്കാരുടെ എണ്ണം പുനർനിർണയിക്കണം.

പദ്ധതി നം. - 40/24

പദ്ധതി പേര് - ബഡ്സ് സ്കൂൾ ഓണറേറിയം

നിർവഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ടിനം	അടങ്കൽ (രൂപ)	ചെലവ് (രൂപ)
വികസന ഫണ്ട്	15,00,000	14,94,357

തനത് ഫണ്ട്	7,00,000	7,00,000
മറ്റുള്ളവ	5,00,000	4,99,731
ആകെ	**27,00,000**	**26,94,088**

ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഓണറേറിയം നല്കിയ ഇനത്തിൽ 2023-24 വർഷം 26,94,088/- രൂപ വിനിയോഗിച്ചിട്ടുണ്ട്. പ്രിൻസിപ്പാൾ - 1 , വൊക്കേഷണൽ ടീച്ചർ - 1 , സ്പെഷ്യൽ ടീച്ചർ - 2, അസിസ്റ്റന്റ് ടീച്ചർ - 1, ആയ - 3, ഹെൽപ്പർ - 1 എന്നിവർക്കാണ് ഓണറേറിയം അനുവദിച്ചിരിക്കുന്നത്.

സ.ഉ. (എം. എസ്) നം. 20/2018/തസ്വഭവ, തീയതി: 07.02.2018 ലെ ക്രമ നം. 4 ഉത്തരവ് പ്രകാരം അധ്യാപക – വിദ്യാർഥി അനുപാതം 1:8, ആയ – വിദ്യാർഥി അനുപാതം 1:15 എന്നിങ്ങനെയാണ്. കുറഞ്ഞത് 2 അധ്യാപകർ ഉണ്ടായിരിക്കണം.

വെങ്ങാനൂർ ഗ്രാമപ്പഞ്ചായത്തിലെ ബഡ്സ് സ്കൂളിലെ ഹാജർ പുസ്തകം പ്രകാരം ആകെ 65 വിദ്യാർഥികൾ നിലവിൽ ഉണ്ട്. ബഡ്സ് സ്കൂൾ വിദ്യാർഥികളുടെ അഡ്മിഷൻ രജിസ്റ്റർ പരിശോധിച്ചതിൽ, 2023-24 വർഷം 18 വയസ്സിൽ താഴെയുള്ള 07 കുട്ടികൾ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും 48 വയസ്സ് വരെ പ്രായമുള്ളവരെ ബഡ്സ് സ്കൂൾ വിദ്യാർഥികളായി ചേർത്തിരിക്കുന്നതായും വ്യക്തമായി. 18 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കായി ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ ആരംഭിച്ച് നിയമം അനുശാസിക്കുന്നതരം പരിശീലനങ്ങൾ നല്കേണ്ടതുണ്ട്.

18 വയസ്സിൽ താഴെയുള്ള 07 കുട്ടികൾ മാത്രം ഉണ്ടായിരിക്കെ നിയമം / സർക്കാർ ഉത്തരവ് പ്രകാരം, 2 അധ്യാപകരും 1 ആയയും മാത്രമേ ബഡ്സ് സ്കൂൾ ജീവനക്കാർ എന്ന നിലയിൽ സേവനത്തിൽ ഉണ്ടാകാൻ പാടുള്ളൂ.

വെങ്ങാനൂർ ബഡ്സ് സ്കൂളിലെ ജീവനക്കാർ വർഷങ്ങളായി ജോലി ചെയ്യുവരുന്നവരാണെന്നും പഞ്ചായത്ത് ഓരോ വർഷവും പദ്ധതി വച്ച് ഇവർക്ക് സാലറി നല്കിവരുന്നതുമാണെന്നും, ഇതുമായി ബന്ധപ്പെട്ട് നല്കിയ 14 / 12.08.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അസിസ്റ്റന്റ് സെക്രട്ടറി അറിയിക്കുകയുണ്ടായി.

18 വയസ്സിന് താഴെയുള്ള കുട്ടികളെ മാത്രം ബഡ്സ് സ്കൂൾ വിദ്യാർഥികളായി പരിഗണിച്ച് അവരുടെ എണ്ണത്തിന് ആനുപാതികമായി ജീവനക്കാരുടെ എണ്ണം പുനർനിർണയിക്കേണ്ടതും 18 വയസ്സിന് മുകളിലുള്ളവർക്കായി നിയമം / സർക്കാർ ഉത്തരവുകൾ അനുവദിക്കുന്ന സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. അതിലൂടെ ബഡ്സ് സ്കൂൾ ജീവനക്കാരുടെ ഓണറേറിയം ഇനത്തിലെ ചെലവ് പരിമിതപ്പെടുത്തേണ്ടതാണ്.

1-26 ലൈഫ് പദ്ധതി- കരാർ കാലാവധി കഴിഞ്ഞും ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല.

ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ കരാർ കാലാവധി അവസാനിച്ചിട്ടും ചില ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ലൈഫ് പദ്ധതി പ്രകാരം കരാർ കാലാവധി അവസാനിച്ചിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.16 വഴി ആവശ്യപ്പെട്ടതിന് ചുവടെ ചേർക്കും വിധം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗുണഭോക്താവിന്റെ പേര്	വിഭാഗം	കരാർ കാലാവധി	നാളിതുവരെ കൈപ്പറ്റിയ തുക	നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി	നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം
വത്സല	ജനറൽ	17-08-2018	200000	ബേസ്മെന്റ്	സാമ്പത്തിക ബുദ്ധിമുട്ട്
രാധിക	എസ്.സി	28-07-2018	40000	പൂർത്തീകരിച്ചു	അർഹത ഇല്ല. (2009-10 കാലഘട്ടത്തിൽ ഐ.എ.വൈ വീട് ലഭിച്ചു)
ജീവ പി പ്രകാശ്	ജനറൽ	24-08-2022	40000	ആരംഭിച്ചിട്ടില്ല	വസ്തുവും വീടും പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകി. സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണി തുടങ്ങിയില്ല. നിലവിൽ വിദേശത്തായതിനാൽ ബന്ധപ്പെടാൻ സാധിക്കുന്നില്ല.
ശ്രീകല വി കെ	ജനറൽ	5-08-2022	40000	ആരംഭിച്ചിട്ടില്ല	വസ്തുവും വീടും പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകി. സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണി തുടങ്ങിയില്ല.
വിലാസിനി റ്റി	എസ്.സി	10-02-2023	40000	ആരംഭിച്ചിട്ടില്ല	സാമ്പത്തിക ബുദ്ധിമുട്ട്, കാലിൽ

					സർജറി ആയി ഹോസ്പിറ്റലിൽ ആയിരുന്നു
ലീന സി	എസ്.സി	13-02-2023	40000	ആരംഭിച്ചിട്ടില്ല	സാമ്പത്തിക ബുദ്ധിമുട്ട്

പഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശ പ്രകാരം ടി ഗുണഭോക്താക്കളുടെ യോഗം 19-3-2024 ന് കൂടിയതിന്റെ യോഗമിനിട്സും മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ 2009-10 കാലഘട്ടത്തിൽ ഐ.എ.വൈ പദ്ധതി പ്രകാരം വീട് ലഭിച്ച രാധിക എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി അനുവദിച്ച 40000/- രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുള്ള പക്ഷം ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്

1-27 അക്കൗണ്ട് നമ്പറിലെ വ്യത്യാസം കാരണം പദ്ധതി പണം ഗുണഭോക്താവിലേക്ക് എത്താതെ സർക്കാരിലേയ്ക്ക് തിരികെ പോകുന്നു

അക്കൗണ്ട് നമ്പർ, IFSC കോഡ് എന്നിവയിലെ പിഴവ് കാരണം ഭവന നിർമ്മാണത്തിനായി അനുവദിയ്ക്കുന്ന ധനസഹായം ഗുണഭോക്താവിലേയ്ക്ക് എത്താതെ സർക്കാരിലേയ്ക്ക് തിരികെ പോകുന്നതായും ഗുണഭോക്താക്കൾക്ക് അതേ ഗഡു വീണ്ടും അനുവദിക്കേണ്ടതായി വരുന്നതായും ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ സർക്കാരിലേയ്ക്ക് തിരികെ പോയ തുക ഉൾപ്പെടെയാണ് സുലേഖ ചെലവ് പത്രികയിൽ ചെലവ് വന്നിട്ടുള്ളത്. ഗുണഭോക്താവിലേയ്ക്ക് എത്തിച്ചേരാതെ സർക്കാരിലേയ്ക്ക് തിരികെ പോയിട്ടുള്ള തുകകളുടെ വിശദാംശം ഓഡിറ്റ് എൻക്വയറി നം. 35ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	വിഭാഗം	പ്രോജക്ട് നം.	തുക	ബിൽ ഐ.ഡി	ട്രഷറി നം.	തിയതി	UTR നമ്പർ
1	വിമല എ	SC	67	രൂ.30000/- ജില്ലാ പഞ്ചായത്ത് വിഹിതം, രൂ.70000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം	23020452009500201430 23020452009500211961-	230204000000002849 230204000000002890	17/06/2023- 20/06/2023	RBI1692315081545 RBI1722316585833
2	ജലജ	SC	67	രൂ.30000/- ജില്ലാ പഞ്ചായത്ത് വിഹിതം, രൂ.130000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം	23020452009500201430 23020452009500211961-	230204000000002849 230204000000002890	17/06/2023- 20/06/2023	RBI1692315081534 RBI1722316585830
3	ഹംസത്ത്	ജനറൽ	65	രൂ.100000/- വികസനഫണ്ട്- ജനറൽ, രൂ.100000/- വികസന ഫണ്ട് ജനറൽ	23020452009500372966, 23020452009500745101	230204000000004262 230204000000008866	31/07/2023 15/11/2023	NIL
4	Raihanath	ജനറൽ	65	രൂ.40000/- വികസനഫണ്ട്- ജനറൽ	23020452009500372966	230204000000004262	31/07/2023	Nil
5	Shafeeka Beevi S.	ജനറൽ	65	രൂ.40000/- വികസനഫണ്ട്- ജനറൽ	23020452009500372973	230204000000004263	31/07/2023	Nil

31-07-2023 ലെ നം. ഡി.എ1/264/2023 തസ്വഭവ സർക്കുലറിൽ ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ പ്രകാരമുള്ള തുകകൾ ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ കൃത്യമായി രേഖപ്പെടുത്താത്തത്കൊണ്ട് ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ പോകാതെ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് പോകുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ അനാസ്ഥകൊണ്ട് സംഭവിക്കുന്നതാണെന്നും ഇതൊഴിവാക്കാൻ ബന്ധപ്പെട്ട തദ്ദേശഭരണ

സ്ഥാപനത്തിന്റെ സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥനും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പറിന്റെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 35 ന് നൽകിയ മറുപടിയോടൊപ്പം അക്കൌണ്ട് നമ്പറിലെ പിഴവ് കാരണം ഇത്തരത്തിൽ നഷ്ടമായ തുക തിരികെ ലഭിക്കുന്നതിന് എൽ.എസ്.ജി.ഡി ഡിപ്പാർട്ട്മെന്റ് പ്രിൻസിപ്പൽ ഡയറക്ടർക്ക് 8-8-2024 ൽ അയച്ച കത്തിന്റെ പകർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് അനുബന്ധ രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

1-28 ഹരിത കർമ്മസേന പ്രവർത്തനം

പാരിസ്ഥിതിക നിലവാരം മെച്ചപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുക, എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള മലിനീകരണം നിയന്ത്രിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് 1986ലെ പരിസ്ഥിതി(സംരക്ഷണ) നിയമം രൂപീകരിച്ചത്. നിയമത്തിന് കീഴിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിരവധി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവയാണ് 2016ലെ ഖരമാലിന്യ ചട്ടങ്ങൾ, 2016ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റലിംഗ്) ചട്ടങ്ങൾ, 2016ലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016ലെ ഇ-വേസ്റ്റ്(മാനേജ്മെന്റ്) ചട്ടങ്ങൾ തുടങ്ങിയവ. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം, ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219(എ) മുതൽ 219(എക്സ്) വരെയുള്ള വകുപ്പുകളിൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സുസ്ഥിരമായ മാലിന്യ സംസ്കരണ രീതികൾ പ്രോത്സാഹിപ്പിക്കുക, മാലിന്യ സംസ്കരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് 2013ൽ ഹരിതകർമ്മ സേന രൂപീകരിച്ചിട്ടുള്ളത്.
മാലിന്യ സംസ്കരണം/ഹരിത കർമ്മസേന പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് എൻക്വയറി നം. 2ന് ചുവടെ പറയുന്ന പ്രകാരം സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഖരമാലിന്യ പരിപാലനത്തിനായി സ്വീകരിച്ച നടപടികൾ

2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനായി, 20.05.2023ലെ സ.ഉ.(സാധാ)നം. 1068/2023/LSGD ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള താഴെ പറയുന്ന നടപടികൾ സ്ഥാപനം സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

A) ശുചിത്വ മിഷൻ കലണ്ടർ പ്രകാരം എല്ലാ വാർഡുകളിലും മാലിന്യ ശേഖരണം നടക്കുന്നുണ്ട്.

B) മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ബിന്നുകൾ, ചാക്കുകൾ എന്നിവ നൽകിയിട്ടുണ്ട്.

C) എല്ലാ വാർഡുകളിലും നിലവിൽ രണ്ട് മിനി എം.സി.എഫ്. വീതം പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ ഒരു എം.സി.എഫ്. വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നതായും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 16 സെന്റ് സ്ഥലം 2023-24 സാമ്പത്തിക വർഷം വിലയ്ക്ക് വാങ്ങിയിട്ടുള്ളതായും അറിയിച്ചു.

ആപത്കരമായ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ

ബയോമെഡിക്കൽ മാലിന്യം 16.05.2022ലെ സ.ഉ.(സാധാ)നം. 1227/2022/LSGD ഉത്തരവ് പ്രകാരം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന അന്വേഷണത്തിന് ബയോ മെഡിക്കൽ മാലിന്യം നേരിട്ട് സ്ഥാപനങ്ങളിൽ നിന്നും ഇമേജ് വഴി കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചു. ടേക്ക്-എ-ബ്രേക്ക്, നെല്ലിവിളയിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും സാനിട്ടറി പാഡുകൾ സംസ്കരിക്കുന്നതിനായി ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബോധവത്കരണം, പ്രചാരണം

2016-ലെ ഖര മാലിന്യ ചട്ടങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി 20 വാർഡുകളിലും പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. യുവജന വിദ്യാർത്ഥി സംഘടനകൾ, ക്ലബ്ബുകൾ, മറ്റ് കൂട്ടായ്മകൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് {സ.ഉ.(സാധാ) നം. 1971/2023/LSGD തീ.07.10.2023)}.

മാലിന്യ ചട്ടങ്ങളുടെ ലംഘനം

മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ പ്രത്യേക വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചതായും 8 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. നിലവിൽ 73,000/- രൂപ പിഴ ചുമത്തിയിട്ടുണ്ടെന്നും അറിയിച്ചു.

പൊതു ഇടങ്ങളിലേയും, ജല സ്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യൽ
26.04.2023ലെ G.O. (Rt) No. 922/2023/LSGD ഉത്തരവ് പ്രകാരം പൊതു ഇടങ്ങളിലേയും, ജല സ്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യാൻ ജനകീയ പങ്കാളിത്തത്തോട് കൂടിയും വിവിധ വകുപ്പുകളെ ഏകോപ്പിച്ചും ശുചീകരണം നടത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

മാലിന്യ സംസ്കരണം മറ്റ് പ്രവർത്തനങ്ങൾ

- 2023-24 വർഷത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് എത്ര പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന ചോദ്യത്തിന് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. യൂണിഫോം, ഗ്ലൗസ്, മാസ്ക്, സാനിറ്റൈസർ, തൊപ്പി എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഹരിതകർമ സേനയ്ക്ക് നൽകിയിട്ടുള്ളതായി അറിയിച്ചു.
- ഹരിത കർമ്മസേനാംഗങ്ങൾക്ക് ശരാശരി 10,000/- രൂപ വരെ പ്രതിമാസ വരുമാനം ലഭിക്കുന്നുണ്ടെന്നും ശുചിത്വ മിഷൻ കലണ്ടർ പ്രകാരം കൃപ്പി ശേഖരിക്കുന്നുണ്ടെന്നും അറിയിച്ചു.
- ഹരിത കർമ്മ സേനയുടെ സേവനം ഉറപ്പാക്കുന്നതിനും ഹരിത കർമ്മ സേനയ്ക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം ഹരിത കർമ്മ സേനയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കരാറിലേർപ്പെടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
- 2023-24 വർഷത്തിൽ MCF നിർമ്മാണത്തിനായി ഭൂമി വാങ്ങിയിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിട നിർമ്മാണത്തിന് 54,00,000/- രൂപ വകയിരുത്തിയിട്ടുള്ളതായും അറിയിച്ചു.
- 31-03-2023ലെ സ.ഉ(സാധാ)നം. 789/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ഹരിത കർമ്മസേനയ്ക്ക് യൂസർഫീ നൽകുന്നതിൽ കുടിശ്ശിക വരുത്തിയവരിൽ നിന്നും ടി തുക വസ്തു നികുതി കുടിശ്ശികയായി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായും നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചു.

26.05.2023ലെ സ.ഉ.(സാധാ) നം. 1109/2023/LSGD പ്രകാരം ഹരിത ഓഡിറ്റിംഗ് നടത്തി വരുന്നതായും അറിയിച്ചു.

ഖരമാലിന്യ സംസ്കരണം/ഹരിത കർമ്മ സേന എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ

1	പഞ്ചായത്തിലെ ആകെ ജനസംഖ്യ	38037
2	വാസഗൃഹങ്ങളുടെ എണ്ണം	11332
3	സ്ഥാപനങ്ങളുടെ എണ്ണം (വ്യവസായ/വാണിജ്യ വിദ്യാഭ്യാസ ആതുരാലയ സ്ഥാപങ്ങൾ)	928
4	പൊതു ചന്തകളുടെ എണ്ണം	ഇല്ല. (സ്വകാര്യ ചന്ത ഉണ്ട്)
5	ഓഡിറ്റോറിയങ്ങളുടെ എണ്ണം	6
6	ആകെ വാർഡുകളുടെ എണ്ണം	20
7	ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം	40
8	പാഴ്വസ്തുക്കൾ ഏറ്റെടുക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനം	CKC
9	ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ്	30373.17 Kg
10	കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ/പാഴ്വസ്തുക്കളുടെ അളവ്	20079.73 Kg
11	തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ്	5992.27 Kg
12	ഓഡിറ്റ് വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക	4495624
13	ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ലഭിച്ച തുക	58000
14	മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക	25665
15	ഗ്യാപ് ഫണ്ടിനത്തിൽ ചെലവിട്ട തുക	ഗ്യാപ്പ് ഫണ്ട് ഇല്ല
16	ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക	70000
17	സഹായ സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ടെങ്കിൽ	ഇല്ല

	ആയതിന്റെ വിവരം	
18	സഹായ സ്ഥാപനത്തിന് നൽകിയ കൺസൽട്ടിംഗ് തുക	ഇല്ല
19	ഹരിത കർമ്മ സേനയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനം ഓഡിറ്റ് വർഷം ചെലവിട്ട തുക	MCF-ന് ഭൂമി വാങ്ങൽ – രൂ.2,612,832/-, താൽകാലിക MCF-ന് വാടക - രൂ.1,55,767/-, MCF അടിസ്ഥാന സൗകര്യങ്ങൾക്ക് ചെലവഴിച്ച തുക - രൂ.5,782/-
20	തദ്ദേശ സ്വയം സ്ഥാപനത്തിൽ ഉള്ള Mini MCF, MCF, RRF എന്നിവയുടെ എണ്ണം	Mcf-1, Mcf Mini-20, RRF – ഇല്ല

ഭാഗം –2

വരവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം –3

ചെലവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം –4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4–1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സ്ഥാപനത്തിന്റെ പേര്	പ്രോജക്ട്	ചെലവ് (രൂപ)
ബ്ലോക്ക് പഞ്ചായത്ത്	67/24 – ലൈഫ് ഭവനം എസ്. സി.	8,00,000
	65/24 – ലൈഫ് ഭവന നിർമാണം ജനറൽ	6,00,000
	136/24 - മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് - സ്നേഹ സ്പർശം	5,55,750
	123/24 – ക്ഷീര സമൃദ്ധി	1,13,945
ആകെ		**20,69,695**
ജില്ലാ പഞ്ചായത്ത്	233 – ലൈഫ് ഭവനം എസ്. സി. പി.	7,90,000
	136/24 - മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്- സ്നേഹ സ്പർശം	5,55,750
	123/24 – ക്ഷീര സമൃദ്ധി	3,00,000
	124/24 – ഹരിത ഭവനം	7,00,00
	ആകെ	**17,15,750**
നഗരസഭ	189/24 – സോഴ്സ് ലെവൽ സെഗ്രിഗേഷൻ	8,55,000
	244/24 - ടേക്ക്-എ-ബ്രേക്ക് കേന്ദ്രത്തിന് അനുബന്ധ സൗകര്യം ഒരുക്കൽ	1,94,040
	219 - ഘടക സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണി	2,29,023
	209- ടേക്ക്-എ-ബ്രേക്ക് കേന്ദ്രത്തിന് കോമ്പൗണ്ട് വാൾ നിർമ്മാണം	2,90,915
	ആകെ	**15,68,978**

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	അടങ്കൽ (രൂപ)	മുൻകൂർ നൽകിയ തുക (രൂപ)	തൻവർഷം ചെലവഴിച്ച തുക (രൂപ)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ)
കെ.എസ്.ഇ.ബി	9/24 ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷനും ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗും	12,17,517	11,92,485	-	11,92,485
കേരള വാട്ടർ അതോറിറ്റി	150/24 ഹോമിയോ ഡിസ്പെൻസറിക്ക് വാട്ടർ കണക്ഷൻ	50,000	20,000	0	20,000

വാർഷിക ധനകാര്യ പത്രിക പ്രകാരം

	2022-23 വർഷത്തെ ബാലൻസ്ഷീറ്റ് B-18 പ്രകാരമുള്ള ഡെപ്പോസിറ്റ് തുക	2023-24 വർഷം നൽകിയ തുക (രൂപ)	ആകെ (രൂപ)	തൻവർഷം ക്രമീകരിച്ച തുക (രൂപ)	2023-24 വർഷത്തെ ബാലൻസ്ഷീറ്റ് B-18 പ്രകാരമുള്ള നീക്കിയിരിപ്പ് തുക
കേരള വാട്ടർ അതോറിറ്റി	1,13,42,974	20,000	1,13,62,974	13,19,503	1,00,43,471
കേരള ഇലക്ട്രിസിറ്റി ബോർഡ്	1,43,17,256	25,11,988 (1192485+1319503)*	1,68,29,244	0	1,68,29,244
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	4,97,850	0	4,97,850	-	4,97,850

* മുൻവർഷങ്ങളിൽ കെ.എസ്.ഇ.ബി-ക്ക് നൽകിയ 13,19,503/- രൂപ തെറ്റായി ഹെഡിൽ ഉൾപ്പെടുത്തിയിരുന്നു. ആയത് തൻവർഷം ക്രമീകരിച്ചിരിക്കുന്നു.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

4-4 വായ്പ/വായ്പ തിരിച്ചടവ്

ഹെഡ്	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക (രൂപ)	തൻവർഷം ലഭിച്ച തുക (RP 31 പ്രകാരം)	ആകെ (രൂപ)	തൻവർഷം തിരിച്ചടച്ച തുക (രൂപ) (സുലേഖ ചെലവ് പത്രിക പ്രകാരം)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) (B-5 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നു)
330500201 Secured Loans - Loan From KURDFC	1,77,40,046	25,60,000	2,03,00,046	24,98,681	1,78,01,365

4-5 സ്ഥിര നിക്ഷേപങ്ങൾ

- ഇല്ല -

4-6 ഓഡിറ്റ് റിക്കവറി

- ഇല്ല -

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

– ഇല്ല –

4–8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

– ഇല്ല –

4–9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	4,52,11,016/- രൂപ
ഓഡിറ്റ് വർഷത്തെ ആകെ വരവ്	6,30,63,014/- രൂപ
ആകെ	10,82,74,030/- രൂപ
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	4,56,65,179/- രൂപ
നീക്കിയിരിപ്പ്	6,26,08,851/- രൂപ
വരവിനങ്ങളിലുള്ള നഷ്ടം	--
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	--
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	**4,99,229/- രൂപ**

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-19	3,67,200	ശ്രീമതി. സുനിത എ., അസിസ്റ്റന്റ് സെക്രട്ടറി
1-21	1,32,029	ഡോ. ലക്ഷ്മി കെ. എസ്., മെഡിക്കൽ ഓഫീസർ (ഹോമിയോ)
ആകെ	**4,99,229**	

(ഡി) കേന്ദ്ര–സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. സുനിത എ., അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി, വെങ്ങാന്നൂർ ഗ്രാമപഞ്ചായത്ത്	ചാവടിനട, വെങ്ങാന്നൂർ പി. ഒ (ഹൗസ് നം. 6, ചിത്ര നഗർ, പട്ടം പാലസ്)
ഡോ. ലക്ഷ്മി കെ. എസ്., മെഡിക്കൽ ഓഫീസർ (ഹോമിയോ)	ഹോമിയോ ഡോക്ടർ, വെങ്ങാന്നൂർ ഗ്രാമപഞ്ചായത്ത്	തൈപൂയം, വൃന്ദാവൻ വാലി, മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം

4–10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2003-04	കെ.എസ്.എ.-റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	2 (3-2, 3-4)

2004-05	കെ.എസ്.എ.-റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	1 (3-11)
2005-06	കെ.എസ്.എ.-റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	2 (3-2, 3-3)
2006-07	കെ.എസ്.എ.-റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	5 (3-2, 3-3, 3-5, 3-7, 3-9)
2009-10	കെ.എസ്.എ.-റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	1 (3-3)
2010-11 & 2011-12	കെ.എസ്.എ.-റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	6 (2-3, 3-3, 3-6, 3-8, 3-9, 3-13)
2012-13	കെ.എസ്.എ.-റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	6 (2-3, 3-9, 3-10, 3-11, 3-12, 3-13)
2013-14	കെ.എസ്.എ.-റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	7 (3-1, 3-2, 3-5, 3-7, 3-10, 3-11, 3-12)
2014-15	കെ.എസ്.എ.-റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	20 (2-1, 2-5, 3-6, 3-7, 3-8, 3-9, 3-10-1, 3-12, 3-15, 3-16-1, 3-16-2, 3-16-3, 3-16-4, 3-17, 3-24, 3-27, 3-28, 3-29, 3-30, 3-31)
2015-16	കെ.എസ്.എ.-റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	4 (3-4, 3-7, 3-8, 3-9)
2016-17	കെ.എസ്.എ.-റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022	2 (2-5, 3-8)
2017-18	കെ.എസ്.എ.-റ്റി.വി.എം/ജി.പി.3/2399/18 തീയതി. 02.08.2019	11
2018-19	കെ.എസ്.എ.-റ്റി.വി.എം/ജി.പി.3/2059/2019 തീയതി. 15.02.2021	29
2019-20	കെ.എസ്.എ.-റ്റി.വി.എം/ജി.പി.3/1729/2021 തീയതി. 07.10.2021	21
2020-21	കെ.എസ്.എ.-റ്റി.വി.എം/ജി.പി.3/579/2022 തീയതി. 22.06.2022	35
2021-22	കെ.എസ്.എ.-റ്റി.വി.എം.ജി.പി.3/1757/2022 തീയതി. 13.02.2023	26
2022-23	നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1146/2023 തീയതി 25.3.2024	36

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 25-05-2024 and submitted on 25-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Venganoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Venganoor Grama Panchayat as on 31-03-2024

Date: 26/10/2024

Deputy Director
District Office Trivandrum
Kerala State Audit Department

Audit Report appended to the Audit Certificate of Venganoor Grama Panchayat for the Year 2023-2024 .

1.Major Observations

Nil

2.Other Observations

1. The Income and Expenditure Statement submitted for audit through AIMS software shows a total income of Rs.395,535,944/- and a total expenditure of Rs.371,377,804/-. But as per Income and Expenditure Statement from ILGMS software, total income is Rs 197,767,972/- and the total expenditure

is Rs. 185,688,902/-. Reason for difference has not been explained to audit.

2. Basic Ratios as per rule 62(2) (f) of Kerala Panchayat Raj Accounts Rules, 2011 was not prepared and submitted along with the annual financial statement.

3. Receipt registers were not closed monthly and reconciled with the ledger balance.

4. In the cash flow statement, net Increase In Cash And Cash Equivalents is 17397835 whereas the amount recorded as Net Cash Generated By Operating + Investing + Financial Activity (A+B+C) is 14081770. The figures do not match with each other.

5.The demand entry for income sources like property tax is recorded only at the end of the financial year instead of recording them on an accrual basis.

6. No entry is made on schedules like B-14-Stock In Hand (Inventories)-in the balance sheet.

7. Deposit Register was not submitted for verification.

8. The balance as per the head 320500101Grants, Funds & Contributions For Specific Purposes - Welfare Bodies-capital in B-4 schedule does no tmatch with the respective bank account balance. There is a difference of Rs. 82025/- between AFS & bank account.

9. Demand-Collection-Balance amounts of property tax in AFS do not match with the figures in DCB statement generated from sanchaya software.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെങ്ങാന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്